**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3799**

**15.03.2017- ലെ മറുപടിക്ക്**

**ഇരിക്കൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്**

| ചോദ്യം<br>**ശ്രീ.കെ.സി.ജോസഫ്** | ഉത്തരം<br>**ശ്രീ. കെ.എൻ. ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2011-16 കാലയളവിൽ ഇരിക്കൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ സമർപ്പിച്ച 25 കോടി രൂപയുടെ പദ്ധതികളിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്ന് വെളിപ്പെടുത്തുമോ; | 2012 ൽ ആണ് ആസ്തിവികസന പദ്ധതി ആരംഭിച്ചത്. 2012-13 മുതൽ 2015-16 വരെ കാലയളവിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള 20 കോടിയിൽ നിന്നും 51 പ്രവൃത്തികളിൽ നിന്നായി 19.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) 2015 - 16 കാലഘട്ടത്തിൽ 6 ഗവൺമെന്റ് സ്കൂളുകൾക്ക് സ്കൂൾ ബസ് വാങ്ങാൻ 15 ലക്ഷം രൂപ വീതം 90 ലക്ഷം രൂപ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ അനുവദിച്ചുകൊണ്ട് എം.എൽ.എ. എന്നാണ് കത്ത് നൽകിയത് എന്നും ഈ ബസ്സുകൾ വാങ്ങാൻ അനുമതി നൽകിയോ എന്നും വ്യക്തമാക്കുമോ; അനുമതി നൽകാൻ ഇത്രയേറെ കാലതാമസം ഉണ്ടാകാൻ കാരണം എന്താണ് ? | ബഹു. എം.എൽ.എ യുടെ 21/08/2015 ലെ കത്ത് 04/09/2015-ലാണ് പൊതു വിദ്യാഭ്യാസവകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൻ പ്രകാരം 18/09/2015 -ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ക്വട്ടേഷനുകൾ സമർപ്പിക്കാനായി നിർദ്ദേശിച്ചിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ 20/01/2016 -ൽ ക്വട്ടേഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസവകുപ്പ് ഈ വിഷയത്തിൽ അനുമതിയ്ക്കായി 01/02/2016 ന് ധനകാര്യവകുപ്പിന് ഫയൽ നൽകിയിരുന്നു. ഇതിന്മേൽ ധനകാര്യവകുപ്പ് 21/02/16 ന് അംഗീകാരം നൽകിയിട്ടുണ്ട്. 04/03/2016 ലെ G.O(Rt)No.991/16/GEdn. പ്രകാരം ഭരണാനുമതി ഉത്തരവ്, ഭരണവകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) 2016 - 17 സമ്പത്തികവർഷം ഇരിക്കൂർ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ സമർപ്പിച്ച നിർദ്ദേശങ്ങൾക്ക് ഭരണാനുമതി നൽകിയോ; ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ ? | 2016-17 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും ഇരിക്കൂർ നിയോജക മണ്ഡലത്തിലെ 17 വിവിധ പ്രവൃത്തികൾക്ക് ശുപാർശ നൽകുകയും മേൽ ശുപാർശകൾ DPR ഉൾപ്പെടെ സമർപ്പിക്കുവാനായി വിവിധ ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഈ പ്രവൃത്തികളുടെ DPR ഭരണ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ധനാനുമതി നൽകുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ 2016-17 സമ്പത്തികവർഷം ഇരിക്കൂർ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ സമർപ്പിച്ച എല്ലാ നിർദ്ദേശങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**